Government of Kerala

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

നം. KITE/2022/HV/1732 (30) തീയതി: 21.11.2022

# സർക്കുലർ

വിഷയം:- കൈറ്റ് – 'ഹരിത വിദ്യാലയം സീസൺ 3' വിദ്യാഭ്യാസ റിയാലിറ്റി ഷോ – തെരഞ്ഞെടുത്ത സ്കൂളുകൾ ഫ്ലോർ ഷൂട്ടിങ്ങിൽ പങ്കെടുക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന:- 1. ഈ ഓഫീസിലെ 19.10.2022-ലെ KITE/2022/HV/1732 (5) നമ്പർ സർക്കുലർ.

2. ഈ ഓഫീസിലെ 16.11.2022-ലെ KITE/2022/HV/1732 (6) നമ്പർ കത്ത്.

ഹരിതവിദ്യാലയം വിദ്യാഭ്യാസ റിയാലിറ്റി ഷോയുടെ പ്രാഥമിക റൗണ്ടിലേയ്ക്ക് തെരഞ്ഞെടുത്ത വിദ്യാലയങ്ങളിൽ ഹരിതവിദ്യാലയം സ്കൂൾ സ്റ്റോറി പ്രൊഡക്ഷൻ ടീം സന്ദർശനം നടത്തിക്കൊണ്ടിരിക്കുകയാണ്. ഇതിന്റെ തുടർച്ചയായി സ്കൂളിന്റെ പ്രവർത്തനങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയവ ഹരിതവിദ്യാലയം ജൂറിയ്ക്കുമുന്നിൽ അവതരിപ്പിക്കുന്നതിന് തിരുവനന്തപുരത്തെ ഹരിതവിദ്യാലയത്തിന്റെ ഷൂട്ടിങ്ങ് സൈറ്റിൽ ഓരോ സ്കൂളിനും അനുവദിക്കുന്ന ദിവസം എത്തിച്ചേരേണ്ടതാണ്. താഴെപ്പറയുന്ന നിർദേശങ്ങൾക്കനുസരിച്ചാണ് ഫ്ലോർ ഷൂട്ടിങ്ങിൽ ഓരോ സ്കൂളും പങ്കെടുക്കേണ്ടത്.

i. ഹരിതവിദ്യാലയം ഹെൽപ്പ് ലൈൻ സ്കൂളുകളുമായി ചർച്ച നടത്തി ഓരോ സ്കൂളിന്റെയും സമയക്രമം അനുവദിക്കുന്നതാണ്. 2022 നവംബർ 29 മുതൽ ഡിസംബർ 10 വരെയാണ് ഫ്ലോർ ഷൂട്ടിങ് നടത്തുന്നത്.

ii. ഒരു സ്കൂളിൽനിന്ന് വിദ്യാർഥികൾ ഉൾപ്പെടെ 12 ൽ താഴെ പേർക്ക് ഫ്ലോർ ഷൂട്ടിങ്ങിൽ പങ്കെടുക്കാം. വിദ്യാർത്ഥികളുടെ ഷോ ആയതിനാൽ കുറഞ്ഞത് 8 പേർ വിദ്യാർഥികളായിരിക്കണം. മിക്സഡ് സ്കൂളുകളിൽ നിന്ന് പെൺകുട്ടികളുടെയും ആൺകുട്ടികളുടെയും പങ്കാളിത്തം ഉണ്ടാകണം.

iii. ലോവർ പ്രൈമറി മുതൽ ഹയർ സെക്കണ്ടറി / വൊക്കേഷണൽ ഹയർ സെക്കണ്ടറി തലം വരെയുള്ള സ്കൂളുകളാണെങ്കിൽ എൽ.പി, യു.പി., ഹൈസ്കൂൾ, ഹയർ സെക്കണ്ടറി വിഭാഗങ്ങളിൽനിന്ന് ആനുപാതികമായ പ്രാതിനിധ്യം ഉണ്ടായിരിക്കേണ്ടതാണ്. സ്കൂൾ യൂണിഫോമിലായിരിക്കണം വിദ്യാർത്ഥികൾ പങ്കെടുക്കേണ്ടത്.

iv. ഒരു സ്കൂളിന് പരമാവധി 45 മിനിട്ടാണ് ഫ്ലോർ ഷൂട്ടിങ്ങിന് സമയം അനുവദിക്കുന്നത്. അതിനാൽ ലഘുവും സമഗ്രവുമായ ഭാഷയിൽ സ്കൂളിന്റെ മികവ് വിശദീകരിക്കുവാൻ പങ്കെടുക്കുന്ന വിദ്യാർഥികളും അധ്യാപകരും മുൻകൂട്ടി തയാറായി വരേണ്ടതാണ്.

v. ഷൂട്ടിങ്ങിൽ പങ്കെടുക്കുന്നതിനുള്ള യാത്ര, താമസസൗകര്യം തുടങ്ങിയവക്കായി തെരഞ്ഞെടുത്ത ഓരോ സ്കൂളിനും 15000/- രൂപാവീതം ഷൂട്ടിംഗ് ദിവസം കൈറ്റ് നൽകുന്നതാണ്.

vi. ഷൂട്ടിങ്ങിനുള്ള സമയം രാവിലെ ലഭിക്കുന്ന സ്കൂളുകൾ മൂന്ന് മണിക്കൂർ മുമ്പ് തിരുവനന്തപുരം തിരുവല്ലം ചിത്രാഞ്ജലി സ്റ്റുഡിയോയിലെ ഷൂട്ടിംഗ് ഫ്ലോറിൽ എത്തിച്ചേരേണ്ടതാണ്. നേരത്തേ വന്ന് തൊട്ട് മുമ്പ് നടക്കുന്ന ഒരു സ്കൂളിന്റെ ഷൂട്ട് കാണുന്നത് ഉചിതമായിരിക്കും.

vii. ഹരിതവിദ്യാലയം വിദ്യാഭ്യാസ റിയാലിറ്റി ഷോയിൽ പങ്കെടുക്കുന്നതിന് സ്റ്റുഡിയോയിൽ എത്തിച്ചേരുന്ന സ്കൂളുകൾക്ക് ഭക്ഷണം ലഭ്യമാക്കുന്നതാണ്.

viii. ഹരിതവിദ്യാലയം വിദ്യാഭ്യാസ റിയാലിറ്റിഷോയുടെ മൂല്യനിർണായങ്ങളുമായി ബന്ധപ്പെട്ട് ജൂറി തീരുമാനം അന്തിമമായിരിക്കും. കൈറ്റ് വിക്ടേഴ്സിന്റെ കോ-ഓർഡിനേഷൻ സമിതി ആയിരിക്കും ഹരിതവിദ്യാലയം റിയാലിറ്റി ഷോയുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങളും പരാതികളും പരിഗണിക്കുക.

കെ. അൻവർ സാദത്ത്
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

ഹരിതവിദ്യാലയം റിയാലിറ്റിഷോയിൽ പ്രാഥമിക റൗണ്ടിലേക്ക്
തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളുടെ പ്രഥമാധ്യാപകർക്ക്

പകർപ്പ്:

രജിസ്ട്രാർ, സി-ഡിറ്റ്

എല്ലാ ജില്ലാ കോ-ഓർഡിനേറ്റർ/മാസ്റ്റർ ട്രെയിനർ കോ-ഓർഡിനേറ്റർ/
മാസ്റ്റർ ട്രെയിനർമാർക്കും
സ്റ്റോക്ക് ഫയൽ